**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1594** **19-09-2025 - ൽ മറുപടിയ്ക്ക്**

**ആര്യങ്കാവ്, കുളത്തൂപ്പുഴ വില്ലേജുകളിലെ പട്ടയ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആര്യങ്കാവ് വില്ലേജിലെ ഇരുളൻകാട്, രാജാച്ചോല, വെഞ്ചർ, ഒൻപതേക്കർ, പത്തേക്കർ, നാൽപ്പത്തേഴുമല, കോട്ടവാസൽ, അച്ചൻകോവിൽ, കുട്ടത്തിമണ്ണിൽ എന്നീ പ്രദേശങ്ങളിൽ താമസിക്കുന്നവരിൽ നിന്നും പട്ടയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; ഓരോ പ്രദേശത്തെയും അപേക്ഷകരുടെ വിവരങ്ങൾ ലഭ്യമാക്കാമോ; ഇവർക്ക് പട്ടയം നല്കാൻ എന്തു നടപടിയെടുക്കാനാകുമെന്ന് വിശദമാക്കാമോ; | (എ) | ആര്യങ്കാവ് വില്ലേജിലെ അച്ചൻകോവിൽ കുട്ടത്തിമണ്ണിൽ പ്രദേശങ്ങളിൽ താമസിക്കുന്നവരിൽ നിന്നും ഏകദേശം 117 അപേക്ഷകൾ പട്ടയ അസംബ്ലിയിൽ ലഭിച്ചിട്ടുള്ളതാണ്. കൂടാതെ ടി വില്ലേജിലെ രാജാച്ചോല, വെഞ്ചർ, ഒൻപതേക്കർ, പത്തേക്കർ, നാൽപ്പത്തേഴുമല, കോട്ടവാസൽ പ്രദേശങ്ങളിൽ നിന്നും ലഭ്യമായ 1062 അപേക്ഷകൾ വനം-റവന്യൂ സയുക്ത പരിശോധനാ (JVR) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. പട്ടയ അസംബ്ലിയിൽ ലഭിച്ചിട്ടുള്ള അപക്ഷകളിൽ പട്ടയ നടപടികൾ സ്വീകരിച്ചുവരുന്നതും, വനഭൂമി പട്ടയത്തിന് ലഭിച്ചിട്ടുള്ള അപേക്ഷകൾ കേന്ദ്ര സർക്കാർ അനുമതി ലഭിക്കുന്നതിനായി പരിവേഷ് പോർട്ടൽ വഴി അപ്ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇവിടെ താമസിക്കുന്നവരിൽ ലൈഫ്, പ്രധാനമന്ത്രി ആവാസ് യോജനയടക്കമുള്ള ഭവനപദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് പ്രസ്തുത ആവശ്യത്തിലേയ്ക്ക് പട്ടയത്തിന്റെ അഭാവത്തിൽ ഭൂമിയുടെ കൈവശ സർട്ടിഫിക്കറ്റ് നൽകാനാകുമോ; വിശദമാക്കാമോ; | (ബി) | കൈവശസർട്ടിഫിക്കറ്റ് നല്കുന്നതിനു നിലവിൽ തടസ്സങ്ങൾ ഇല്ലാത്തതാണ്. |
| (സി) | ആര്യങ്കാവ് കോട്ടവാസലിലെ വഖഫ് ഭൂമിയിൽ താമസിയ്ക്കുന്നവരുടെ പട്ടയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ഇവർക്ക് പട്ടയം നല്കാൻ എന്തു നടപടി സ്വീകരിക്കാനാകുമെന്ന് വിശദമാക്കാമോ; | (സി) | ലഭിച്ചിട്ടില്ല |
| (ഡി) | പുനലൂർ താലൂക്കിലെ കുളത്തൂപ്പുഴയിൽ മഠത്തിക്കോണം പ്രദേശത്ത് ദീർഘകാലമായി താമസിക്കുന്ന നിരവധി കുടുംബങ്ങൾക്ക് അവരുടെ കൈവശ ഭൂമിയിൽ പട്ടയം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടുത്തെ പട്ടയപ്രശ്നം എന്തെന്ന് വിശദമാക്കാമോ; ഇവിടെ | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിങ്കൾക്കരിക്കം വില്ലേജിലെ 390,401,400 എന്നീ സർവ്വേ നമ്പരിൽ ഉൾപ്പെട്ടുവരുന്ന ഭൂമി മഠത്തിക്കാല ആനന്ദവിലാസം കുടുംബത്തിന്റെ പേരിലുണ്ടായിരുന്നതും, ടി കുടുംബം ഭൂമി വിട്ടൊഴിഞ്ഞശേഷം മേൽനോട്ടക്കാരൻ അത് |

| | | | |
|---|---|---|---|
| | എത്ര അപേക്ഷകരുണ്ടെന്നും ഈ കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിയ്ക്കുന്ന നടപടികളും അറിയിക്കാമോ; പട്ടയം വിതരണം വേഗത്തിലാക്കുന്നതിനായി പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കാനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | | കൈവശപ്പെടുത്തുകയും, ടിയാൻ ചെറിയ സബ് ഡിവിഷനുകളായി ഭൂമി കൈമാറ്റം ചെയ്തിട്ടുള്ളതുമാണ്. ഭൂരിഭാഗം കൈമാറ്റങ്ങളും ആധികാരിക രേഖപ്രകാരം ഉള്ളതല്ല. ആയതിൽ നിന്നും കുറച്ച് അധികം ഭൂമി പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളതായും, പഞ്ചായത്ത് ടി സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ആധാരം ചമച്ച് കുറച്ചുപേർക്ക് വിതരണം ചെയ്തിട്ടുള്ളതായും പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലത്ത് രേഖകളില്ലാത്ത 83 ഓളം കൈവശക്കാർ ആണുള്ളത്. ടി സ്ഥലത്തിന് ലാന്റ് ട്രൈബ്യൂണൽ പട്ടയനടപടികൾ സാധ്യമാണോയെന്ന് പരിശോധിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ